Malyalam:Layout 1 03/11/11 1:43 PM Page 1



# പോലീസ് ഉദ്യോഗസ്ഥർക്കുവേണ്ടി മനുഷ്യാവകാശം സംബന്ധിച്ച പലവിധ കാര്യങ്ങളിൽ മാർഗ്ഗ ദർശനം

सर्वे
भवन्तु सुखिनः

## ദേശീയ മനുഷ്യാവകാശ കമ്മീഷൻ

Malyalam:Layout 1 03/11/11 1:43 PM Page 2

# പോലീസ് ഉദ്യോഗസ്ഥർക്കുവേണ്ടി മനുഷ്യാവകാശം സംബന്ധിച്ച പലവിധ കാര്യങ്ങളിൽ മാർഗ്ഗ ദർശനം

ദേശീയ മനുഷ്യാവകാശ കമ്മീഷൻ
ഫരീദ്കോട്ട് ഹൗസ് കോപ്പർ നിക്കസ് മാർഗ്,
ന്യൂ ഡൽഹി – **110001**

# Guidelines for Police Personnel on Various Human Rights Issues In Malayalam

**First Edition:** 10 December 2010
© 2010 National Human Rights Commission

**National Human Rights Commission**
Faridkot House, Copernicus Marg, New Delhi-110 001

**Printed at: Shri Ganesh Associats**
C-83/11, Street No. 7, Mohanpuri, Moajpur, Delhi - 110 053

Malyalam:Layout 1 03/11/11 1:43 PM Page 4

# ഉള്ളടക്കം


| സീരിയൽ നമ്പർ | അദ്ധ്യായം | പേജ് നമ്പർ |
|---|---|---|
| | മുഖവുര | 1-3 |
| 1. | അറസ്റ്റ് | 4-9 |
| 2. | പോലീസ് ലോക്കപ്പിലെ തടങ്കൽ/തടവ് | 10-12 |
| 3. | സ്ത്രീകളുടെ സംരക്ഷണം | 13-15 |
| 4. | കുട്ടികളുടെ സംരക്ഷണം | 16-19 |
| 5. | പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ (SC കളുടെയും STകളുടെയും) അവകാശ സംരക്ഷണത്തിൽ പോലീസിന്റെ കടമ | 20-22 |
| 6. | മുതിർന്ന പൗരൻമാരുടെ (സീനിയർ സിറ്റിസൺസ്) അവകാശങ്ങളുടെ സംരക്ഷണം | 23-24 |
| 7. | അല്പ സംഖ്യർ (മൈനോരിറ്റി) ഗമുദായത്തിലെ ആളുകളുടെ അവകാശ സംരക്ഷണം | 25-27 |
| 8. | അടിമപ്പണി/നിർബന്ധിത വേല (ബോണ്ഡഡ് ലേബർ) തടയുന്നതിൽ പോലീസിന്റെ കടമ | 28-30 |
| 9. | പോലീസ് അറസ്റ്റിനിടയിൽ കുറ്റവാളികളുടെ മരണം (എൻ കൗണ്ടർ) | 31-33 |
| 10. | തീവ്രവാദികളും പോലീസും | 34-37 |

# മുഖവുര

ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ (NHRC നാഷണൽ ഹ്യൂമൻ റൈറ്റ്സ് കമ്മീഷന്റെ) അഭിപ്രായ പ്രകാരം പോലീസ് ഉദ്യോഗസ്ഥരുടെ കടമകളും മനുഷ്യാവകാശ സംബന്ധമായ കാര്യങ്ങളും രാജ്യത്തിനും പൗരൻമാർക്കും വളരെ പ്രധാനമാണ്.

പോലീസ് ഉദ്യോഗസ്ഥരുടെ പ്രധാനകടമ, പൗരൻമാരുടെ അവകാശങ്ങളുടെ സംരക്ഷണമാണ്. ഈ കടമ വ്യക്തമായി ചെയ്യാൻ വേണ്ടത് പോലീസ് ഉദ്യോഗസ്ഥർമാർക്ക് മനുഷ്യവകാശങ്ങളെക്കുറിച്ചുള്ള വ്യക്തമായ അറിവാണ്. തങ്ങളുടെ ജോലിയുടെ പ്രത്യേകതയാൽ, പോലീസ് ഉദ്യോഗസ്ഥർ, നിയമലംഘകരുമായി ഇടപെടുന്നു. അതിനാൽ പോലീസ് ഉദ്യോഗസ്ഥർക്ക് പൗരന്മാരുടെയും, വ്യക്തികളുടെയും അവകാശങ്ങൾ അറിയാനുണ്ട്. ആ അറിവുമൂലം അവർക്ക്, തങ്ങളുടെ കടമ നിറവേറ്റുമ്പോൾ വരുന്നവരുമായി ബഹുമാനത്തോടെ ഇടപഴകാൻ കഴിയും.

പോലീസ് കോൺസ്റ്റബിൾമാരെ മനസ്സിൽ കണ്ടാണ് ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഈ പുസ്തകം

പ്രസിദ്ധീകരിക്കുന്നത്. ഈ പുസ്തകത്തിന്റെ പേര് 'പോലീസ് ഉദ്യോഗസ്ഥർക്കുവേണ്ടി മനുഷ്യാവകാശം സംബന്ധിച്ച പലവിധ കാര്യങ്ങളിൽ മാർഗ്ഗദർശനം'' എന്നാണ്.പോലീസ് സേനയുടെ ഭൂരിഭാഗവും കോൺസ്റ്റബിൾ റാങ്കിലുള്ള ഉദ്യോഗസ്ഥരാണ് അതിനാൽ തന്നെ അവരുടെ കടമയാണ് മനുഷ്യാവകാശ സംരക്ഷണം. ആ കടമ തൃപ്തികരമായ രീതിയിൽ നിറവേറ്റാൻ സഹായിക്കുകയാണ് ഈ പുസ്തകത്തിന്റെ ലക്ഷ്യം.

ഉയർന്ന ചക്രവാളത്തിലൂടെ വീക്ഷിച്ചാൽ, പോലീസ് ഉദ്യോഗസ്ഥർക്ക് നിയമ പരിപാലനം ചെയ്യാൻ പരിപൂർണ്ണമായ സഹായം കിട്ടാൻ സഹായകമാക്കുക മനുഷ്യാവകാശ സംരക്ഷണത്തിൽ കൂടെ മാത്രമാണ്.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ, ഈ പുസ്തകം സംബന്ധമായി താഴെ പറയുന്ന വ്യക്തികൾക്ക് കൃതജ്ഞത പറയുന്നു. Dr. അപർണ്ണശ്രീവാസ്തവ, ഗവേഷണ ഉദ്യോഗസ്ഥ, NHRC. ഈ പുസ്തകം തയ്യാറാക്കിയതിലും ആദ്യത്തെ കുറച്ച് അദ്ധ്യായങ്ങൾ എഴുതിയതിലും അന്വേഷണ വിഭാഗത്തിലെ ഉദ്യേഗസ്ഥർ മറ്റ് അദ്ധ്യായങ്ങളുടെ ഉള്ളടക്കത്തിൽ സഹായിച്ചിട്ടുണ്ട്. ഈ ജോലിക്ക് ഭാരവാഹിത്വം (Supervision) വഹിച്ചത് Shri S.P.Singh, IPS, DIG, NHRC യാണ്. മൊത്തം

ജോലിയുടെ മാർഗ്ഗദർശ്ശനം നൽകിയത് Shri Sunil Krishna, IPS, DIG (Investigation) ആണ്.

10-12-2010



**PC Sharma**
Member,
NHRC

# അദ്ധ്യായം - 1
# അറസ്റ്റ്

പോലീസ് ഉദ്യോഗസ്ഥർക്ക് വ്യക്തികളെ അറസ്റ്റുചെയ്യാനും, അറസ്റ്റ് ചെയ്യുമ്പോൾ ബലപ്രയോഗം നടത്താനുള്ള അധികാരം, സെക്ഷൻ 46, Crl.p.c പ്രകാരം നൽകിയിട്ടുണ്ട്.

അറസ്റ്റിനെക്കുറിച്ച് നിയമ വിദഗ്ദ്ധർ നടത്തിയിട്ടുള്ള പഠനത്തിൽ ഒരു കാര്യം വ്യക്തമായിട്ടുണ്ട്. കുറ്റം ചെയ്യുമ്പോൾ പ്രിവന്റീവ് അറസ്റ്റും ചെറിയ ചെറിയ കുറ്റം ചെയ്തിട്ടുള്ള പെറ്റീ കുറ്റവാളികളുമാണ് അറസ്റ്റു ചെയ്യപ്പെട്ട വ്യക്തികളിൽ ഭൂരിഭാഗവും , ജയിലുകളിൽ വിചാരണയെ നേരിടുന്ന Under Trial തടവുകാരാണ്. അധികം പേരും ഇവർ തടവിൽ തന്നെ തുടരാനുള്ള കാരണം, അവർക്ക് കോടതി ജാമ്യം അനുവദിച്ചാലും, അവർക്കുവേണ്ടി ജാമ്യക്കാരെ കിട്ടാത്തതിലാണ്, നവംബർ 2000 - ൽ നിയമ നിർമ്മാണ കമ്മീഷൻ, അറസ്റ്റുചെയ്യുന്ന നിയമങ്ങളെക്കുറിച്ച് ഒരു പഠനം നടത്തി. അതിൽ ഈ കാര്യം മുഴുവനായും വായിക്കാം.

അറസ്റ്റു ചെയ്യപ്പെടുമ്പോഴും, തടങ്കലിൽ കഴിയുമ്പോഴും അ വ്യക്തിയുടെ സൽപേരിന് കണക്ക് കൂട്ടാവുന്നതിനെക്കാളും കൂടുതൽ അപമാനം സംഭവിക്കുന്നുണ്ട്. ദൗർഭാഗ്യവശാൽ നമ്മുടെ നിയമത്തിൽ അനാവശ്യമായി അറസ്റ്റുചെയ്യപ്പെട്ടവർക്കു നഷ്ടപരിഹാരം കൊടുക്കാൻ വകുപ്പില്ല.

# DO'S

## (അറസ്റ്റുചെയ്യുന്ന പോലീസുകാരൻ പാലിക്കേണ്ട കാര്യങ്ങൾ)

1. ഒരു വ്യക്തിയെയും അയാളുടെ ജീവിക്കാനുള്ള അധികാരവും, വ്യക്തി സ്വതന്ത്ര്യവും, നിയമം അനുശാസിക്കുന്നി നടപടികളിലൂടെ മാത്രമേ വിലക്കാവൂ. ഈ നടപടിക്രമം (procedure) ഭാരതത്തിന്റെ സംവിധാനത്തിലെ 21-ാം ആർട്ടിക്കിളിൽ പറയുന്നു.

2. അറസ്റ്റു ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥന്റെ Identity വ്യക്തമായ രീതിയിൽ തെളിവായിരിക്കണം. ആ ഉദ്യേഗസ്ഥന്റെ Uniformൽ വ്യക്തമായ Name Plate ഉം ഉണ്ടായിരിക്കണം, ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് AIR 1997 SC 610, DK Basu Vs State of WB പ്രകാരം.

3. അറസ്റ്റു ചെയ്യപ്പെടുന്ന വ്യക്തിക്ക് അയാൾ ചെയ്ത കുറ്റത്തിന്റെയും അറസ്റ്റു ചെയ്യപ്പെടാനുള്ള കാരണത്തിന്റെയും (Grounds of Arrest) മുഴുവൻ വിവരങ്ങൾ നൽകണം.(ഭാരതത്തിന്റെ സംവിധാനത്തിന്റെ ആർട്ടിക്കിൾ + 22)

4. അറസ്റ്റു ചെയ്യപ്പെടുന്ന വ്യക്തിയുടെ ഏതെങ്കിലും ഒരു ബന്ധുവോടോ, സുഹൃത്തിനോടോ നടന്ന അറസ്റ്റിനെക്കുറിച്ചും, തടങ്കലിൽ സൂക്ഷിക്കുന്ന സ്ഥലത്തെക്കുറിച്ചും അറിയിക്കണം. ( sec 5 A(1) crl p.c).

1. Section 46 of Cr.PC.
2. Law Commission of India- Consultation paper on Law relating to arrest, Nov 2000

5. പോലീസ് സ്റ്റേഷനിൽ വെച്ചിട്ടുള്ള Sec 50A (3) cr.pc. പ്രകാരമുള്ള രജിസ്റ്ററിൽ നടന്ന അറസ്റ്റിനെക്കുറിച്ചും ആരെയാണോ അറിയിച്ചത്. അതിനെക്കുറിച്ചും രേഖപ്പെടുത്തിയിരിക്കണം.

6. അറസ്റ്റു ചെയ്യപ്പെട്ട വ്യക്തിയുടെ ശരീരത്തിൽ അറസ്റ്റു ചെയ്യപ്പെട്ട സമയത്തിൽ ദേഹപരിശോധനനടത്തുമ്പോൾ മുറിവുകൾ കാണപ്പെട്ടാൽ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണം. അറസ്റ്റ് മഹസ്സറിൽ (മെമ്മോറാണ്ടത്തിൽ) അക്കാര്യ രേഖപ്പെടുത്തണം അതുകൂടാതെ അറസ്റ്റു ചെയ്യപ്പെട്ട വ്യക്തിയെ വൈദ്യപരിശോധനയ്ക്കായി ഡോക്ടർ സമക്ഷം ഹാജരാക്കണം

7. അറസ്റ്റു ചെയ്യപ്പെടുന്ന വ്യക്തി ഒരു സ്ത്രീയാണെങ്കിൽ ഒഴിച്ചുക്കൂടാനാവാത്ത സന്ദർഭത്തിലല്ലാതെ അവരെ രാത്രി സമയത്ത് (സൂര്യസ്തമനത്തിനുശേഷം , സൂര്യേദയത്തിനുമുമ്പ്) അറസ്റ്റുചെയ്യരുത്. (Sec 46 (4) crl pc)

8. വനിതാ പോലീസ് ഉദ്യോഗസ്ഥയില്ലാതെ ഒരു സ്തീ കുറ്റവാളിയെ അറസ്റ്റു ചെയ്യുന്നത് . ഒഴിവാക്കാൻ ശ്രമിക്കുക. (Sec 46 (4) crl Pc)

9. കുട്ടികളെയും, പ്രായപൂർത്തിയാവാത്തവരെയും (ജൂവനൈൽ) അറസ്റ്റു ചെയ്യുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണം. ബഹുമാനം അർഹിക്കുന്ന പൗരൻമാരോ അയൽവാസികളോ പോലീസ് ഉദ്യോഗസ്ഥരുടെ കൂടെ ഉണ്ടാകണം. ബലപ്രയോഗം നടത്തുകയോ, അടിക്കുകയോ, ദോഹോപദ്രവം നടത്തുകയോ ചെയ്യരുത്.

10. അറസ്റ്റു ചെയ്യപ്പെട്ട് വ്യക്തിയുടെ സ്വാഭിമാനം സംരക്ഷിക്കുക. ഏതു സാഹചര്യത്തിലും, അവരെ നാട്ടുകാരുടെ മുമ്പിൽ കാണിക്കുകയോ കവാത്ത് നടത്തിക്കുകയോ ചെയ്യരുത്.

11. അറസ്റ്റുചെയ്യപ്പെട്ട വ്യക്തിയുടെ ദേഹത്തിന്റെയും വസ്തു വകകളുടെയും പരിശോധന (Searches) നടത്തുമ്പോൾ, ആ വ്യക്തിയുടെ സ്വഭിമാനം (dignity) നഷ്ടം വരുന്നതുപോലെ ഒന്നും ചെയ്യരുത്. താഴെപ്പറയുന്ന കാര്യങ്ങൾ പാലിക്കുക. ബലപ്രോയോഗം ഒഴിവാക്കാൻ ശ്രമിക്കണം. ആ വ്യക്തിക്ക് സ്വകാര്യം/ഗൂഢത (Privacy) ക്ക് അധികാരമുണ്ട്. ആ അധികാരം നഷ്ടപ്പെടുത്തരുത്. സ്ത്രീ കുറ്റവാളിയുട പരിശോധനനടത്താൻ മറ്റൊരു സ്ത്രീയുടെ സഹായം തേടണം. ആ സന്ദർഭങ്ങളിൽ അസഭ്യമായി ഒന്നും കാണിക്കരുത്. (Sec 51 (2) crl pc)

12. കോടതിയുടെ ഉത്തരവില്ലാതെ ജാമ്യം കൊടുക്കാവുന്ന കുറ്റം ചെയ്ത കുറ്റവാളിയെ അറസ്റ്റു ചെയ്യുമ്പോൾ പോലീസ് ഉദ്യോഗസ്ഥർ ആ വ്യക്തിക്ക് ഉടൻ ജാമ്യം നൽകാൻ പറ്റുമെന്ന് അറിയിക്കണം എന്നാലേ ആ വ്യക്തിക്ക് ജാമ്യക്കാരെ വിളിക്കാൻ പറ്റൂ.

13. ഒരു അറസ്റ്റു നടന്നു കഴിഞ്ഞാൽ അറസ്റ്റു ചെയ്യുന്ന പോലീസ് ഓഫീസർ താഴെപ്പറയുന്ന കാര്യങ്ങൾ ചെയ്യണം. അറസ്റ്റിന്റെ പരിപൂർണ്ണ വിവരങ്ങളും കുറ്റവാളിയെ തടങ്കലിൽ പാർപ്പിച്ചിട്ടുള്ള സ്ഥലവും അധികം കാലതാമസം വരുന്നതിനു മുമ്പു തന്നെ താഴെപ്പറയുന്ന സ്ഥലങ്ങളിൽ

അറിയിക്കണം. പോലീസ് കൾട്രോൾ റൂം. ഡിസ്ട്രിക്ക് ഹെഡ് ക്വാർട്ടർ സംസ്ഥാത്തിലെ ഹെഡ് ക്വാർട്ടേഴ്സ്.

## DON'T's

**(അറസ്റ്റുചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ)**

1. ഒരു വ്യക്തിയെ അറസ്റ്റുചെയ്യുന്നതിനു മുമ്പ് താഴെപ്പറയുന്ന കാര്യങ്ങൾ ഒഴിവാക്കാൻ ശ്രമിക്കണം.. വാറണ്ടില്ലാതെ ആരെയും അറസ്റ്റുചെയ്യരുത്. ഏതെങ്കിലും അന്വേഷണത്തിലൂടെ ആവശ്യത്തിനു തൃപ്തികരമായ അറിവ് അഥവാ തെളിവ് ഒരു വ്യക്തി congnizible offence (കോടതിയുടെ ഉത്തരവില്ലാതെ പോലീസിന് സ്വയം അന്വേഷിക്കാൻ കഴിയുന്ന കുറ്റം) ചെയ്തതായി കിട്ടിയാൽ മാത്രം ആ വ്യക്തി സ്തീ/പുരുഷ കുറ്റവാളി യെ പോലീസിന് വാറണ്ടില്ലാതെ അറസ്റ്റു ചെയ്യാം. (sec 41 crl p.c)

2. ഒരു വ്യക്തിയെ കുറ്റം ചെയ്യുന്നതിൽ നിന്നും തടയാൻ വേണ്ടി കലാന്ത്രാ/പെറ്റീ കേസിന് Sec 151 crl p.c യിൽ അറസ്റ്റുചെയ്യുകയാണെങ്കിൽ പ്രസ്തുത അറസ്റ്റിനുമുമ്പ് ഒരു കാര്യം ഉറപ്പാക്കുക, ആ കുറ്റം തടയാൻ മറ്റ് ഏതെങ്കിലും രീതിയിലൂടെ സാധിക്കുകയില്ലെങ്കിൽ മാത്രം വ്യക്തികളെ അറസ്റ്റു ചെയ്ത് കരുതൽ തങ്കെലിലാക്കാം.

3. അറസ്റ്റു ചെയ്യപ്പെട്ട വ്യക്തിയെ തടഞ്ഞു നിറുത്താൻ ആവശ്യമുള്ളതിനെക്കാൾ കൂടുതൽ ബലം ഉപയോഗിക്കരുത്. ഈ കാര്യത്തിൽ കൂടുതൽ പഠിക്കാൻ Section 49 crl pc യും, Article 21, ഭാരതത്തിന്റെ സംവിധാനവും പഠിക്കുക)

4. കുറ്റം ചെയ്തതുമായി ബന്ധമുള്ളതായി കരുതപ്പെടുന്ന (സംശയിക്കപ്പെടുന്ന (Suspects) വരോ സാക്ഷികളോ (witness) മറ്റോ ഒരു സ്ത്രീയോ 15 വയസ്സിൽ പ്രായം കുറഞ്ഞ ആൺകുട്ടിയോ ആണെങ്കിൽ, അവരെ പോലീസ് സ്റ്റേഷനിൽ വിളിച്ച് ചോദ്യം ചെയ്യരുത്. അവരുടെ താമസ സ്ഥലത്തേക്ക് പോലീസ് ഉദ്യോഗസ്ഥർ പോയി വേണം അവരെ ചോദ്യം ചെയ്യാൻ (Sec 160(1)crl pc.

5. അറസ്റ്റു ചെയ്യപ്പെട്ട വ്യക്തിയെ പോലീസ് സ്റ്റേഷനിൽ 24 മണിക്കൂറുകളെക്കാളും കൂടുതൽ തടഞ്ഞ് നിർത്തരുത്. അയാളെ വെറുതെ വിടുകയോ, പോലീസ് ജാമ്യത്തിൽ വിടുകയോ ചെയ്യണം. അല്ലെങ്കിൽ sec 57 crl pc പ്രകാരം, റിമാണ്ട് അപേക്ഷയോടെ ആ വ്യക്തിയെ മജിസ്ട്രേട്ട് കോടതിയിൽ ഹാജരാക്കണം. മജിസ്ട്രേട്ട് ഉത്തരവ് പ്രകാരം മേൽ നടപടികൾ ചെയ്യണം.

6. സാധാരണ ഗതിയിൽ അറസ്റ്റുചെയ്യപ്പെട്ട വ്യക്തിയുടെ ശരീരത്തിൽ കൈവിലങ്ങോ, കാൽചങ്ങലയോ ഇടരുത്.ഒഴിവാക്കാനാനൊക്കാത്ത കേസാണെങ്കിൽ നിയമപ്രകാരം അനുവദിക്കുന്ന അത്രയുമേ വിലങ്ങുകൾ ഇടാവൂ. പോലീസുകാരൻ വിലങ്ങിടാൻ തീരുമാനിച്ച കാരണങ്ങൾ എഴുതി വയ്ക്കണം. കോടതിയിൽ നിന്നും വിലങ്ങിടാൻ അനുവാദം വാങ്ങുകയും ചെയ്യണം.

❖❖❖

# അദ്ധ്യായം - 2
# പോലീസ് ലോക്കപ്പിലെ തടങ്കൽ/തടവ്

പരമപ്രധാനമായി മനസ്സിലാക്കേണ്ടത് എന്തെന്നാൽ പോലീസ് ഒരു വ്യക്തിയെ തടഞ്ഞു വയ്ക്കുമ്പോൾ രാജ്യത്തിന്റെ സംരക്ഷണയിൽ എടുക്കുകയാണ്. അതിനാൽ രാജ്യത്തിന്റെ ഉത്തരവാദിത്വമാണ് അത്തരം കസ്റ്റഡിയിൽ പെട്ടിട്ടുള്ള വ്യക്തികളുടെ മനുഷ്യാവകാശ സംരക്ഷണം.

സാധാരണയായി താഴെപ്പറയുന്ന കാര്യങ്ങൾക്കുവേണ്ടിയാണ് ഒരു വ്യക്തിയെ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിൽ എടുക്കുകയും തടങ്കലിൽ വയ്ക്കുകയും ചെയ്യുക. ഏതെങ്കിലും അപരാധം തെളിയിക്കാനായി ചോദ്യം ചെയ്യാൻ.

സംശയകരമായ സ്ഥിതിയിൽ കാണപ്പെട്ട വ്യക്തി നൽകിയ സ്വന്തം തിരിച്ചറിയയിൽ വിവരങ്ങൾ ശരി തന്നെയാണോ എന്നു കണ്ടുപിടിക്കാൻ വേണ്ടിയുള്ള അന്വേഷണത്തിനിടയിൽ (Verification of Identity). പിടിക്കപ്പെട്ട വ്യക്തി എത്ര മദ്യപാനം ചെയ്തിട്ടുണ്ടെന്ന് ലാബറട്ടറി പരിശോധനയുടെ റിസൽട്ട് വരുന്നതുവരെ.

### ചെയ്യേണ്ട കാര്യങ്ങൾ

1. ചോദ്യം ചെയ്യുന്ന ഉദ്ദേശ്യത്തിലേക്കായി ആരെ പോലീസ് സ്റ്റേഷനിൽ വരുത്തണമെങ്കിലും എഴുതിവിട്ട സമൻസിലൂടെ മാത്രമേ ആ വ്യക്തിയെ വിളിക്കാവൂ എന്ന് ഉറപ്പുവരുത്തുക (Sec 160 (1) crl pc)

2. ഏതെങ്കിലും വ്യക്തിയെ പോലീസുകാർ തടഞ്ഞുവയ്ക്കുകയാണെങ്കിൽ അയാളുടെ കുടുംബാംഗങ്ങൾക്കോ സുഹൃത്തുകൾക്കോ ആ വിവരം നൽകി എന്ന് ഉറപ്പു വരുത്തുക.

3. ഏതെങ്കിലും വ്യക്തിയെ, എപ്പോഴെങ്കിലും പോലീസ് സ്റ്റേഷനിൽ തടഞ്ഞു വയ്ക്കുകയാണെങ്കിൽ ജനറൽ ഡയറി/റോജ്നാംച ദിവസക്കുറിപ്പുകളിൽ വ്യക്തമായി എഴുതിയതിൽ പിന്നെ മാത്രം വയ്ക്കുക.

4. വൈദ്യ (Doctor) സഹായം തടങ്കലിൽ വയ്ക്കപ്പെട്ട ആർക്ക് എങ്കിലും അവശ്യമായി വരുകയാണെങ്കിൽ ലഭ്യമാകുമെന്ന് ഉറപ്പാക്കുക.

5. തടങ്കലിൽ വയ്ക്കപ്പെട്ട എല്ലാ വ്യക്തികൾക്കും ഒരു മനുഷ്യന് അർഹമായ രീതിയിൽ ബഹുമാനം (dignity) നൽകുക.

**ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ**

1. തടങ്കലിൽ കഴിയുന്ന ഒരു വ്യക്തിയെയും പീഡിപ്പിക്കുകയോ ക്രൂരതയ്ക്ക് പാത്രമാക്കുകയോ, മറ്റേതെങ്കിലും തരത്തിൽ മനുഷ്യത്വഹീനമായ രീതിയിൽ പെരുമാറുകയോ, അപമാനിക്കുകയോ ചെയ്യരുത്.

2. തടങ്കലിൽ കഴിയുന്നവരെ താഴെപറയുന്ന രീതിയിൽ കേസുകൾ തെളിയിക്കാൻ പ്രേരിപ്പിക്കരുത്. സ്വ/യം കുറ്റം ഏറ്റുപറയുക. (confession). മറ്റ് ഏതെങ്കിലും രീതിയിൽ

സ്വയം കുറ്റവാളിയാക്കുക. വേറെ ഏതെങ്കിലും വ്യക്തിക്കു നേരെ തെളിവും കൊടുക്കാൻ നിർബന്ധിക്കുക.

3. ചോദ്യം ചെയ്യൽ സംബന്ധമായി താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക. നിയമങ്ങൾ പ്രകാരം പോലീസുകാർക്ക് മാത്രമേ സംശയ പാത്രമായ ഒരു വ്യക്തിയെ ചോദ്യം ചെയ്യാൻ അധികാരമുള്ളു. നിയമം അനുശാസിക്കുന്ന രീതിക്കുപുറത്ത് നിന്നുകൊണ്ട് ചോദ്യം ചെയ്യരുത്. വളരെ നീണ്ട കാലത്തേക്ക് ആരെയും തടവുകാരാക്കി ചോദ്യം ചെയ്യരുത്. അങ്ങനെചെയ്യുന്നതിനെഉപദ്രവം (Harassment) ആയി കണക്കാക്കാം. ഏറ്റവും അവസാനം പോലീസ് ഉദ്യോഗസ്ഥരെ നിയമവിരുദ്ധ തടങ്കലിന് ആരോപണ വിധേയരുമാക്കാം.

❖❖❖

# അദ്ധ്യായം - 3
# സ്ത്രീകളുടെ സംരക്ഷണം

2001 - ാം ആണ്ടിൽ നടത്തിയ ജനഗണന (Census) പ്രകാരം ഇന്ത്യയുടെ മൊത്തം ജനസംഖ്യ 1028 ദശലക്ഷമാണ് (Millions) അവയിൽ 496.4 ദശലക്ഷം (Millions) സ്ത്രീകളാണ്. ഭാരതത്തിന്റെ സംവിധാനം സ്ത്രീകൾക്ക് തുല്യസ്ഥാനം ഉറപ്പു നൽകുന്നു. നിയമ പരിപാലനത്തിന്റെ പ്രധാനപ്രശ്നങ്ങളിൽ ഒന്ന്, സ്ത്രീകൾക്കുനേരെയുള്ള കുറ്റ കൃത്യങ്ങൾ ആയിരുന്നു. ഭാരതീയ ശിക്ഷാനിയമവും (IPC) മറ്റു നിയമങ്ങൾക്കുള്ളിലും നടത്തിയിട്ടുള്ള കുറ്റ കൃത്യങ്ങളിൽ 1,85,312 സംഭവങ്ങൾ, 2007 - ാം ആണ്ടിൽ താരതമ്യപ്പെടുത്തുമ്പോൾ 1,64,765 കുറ്റങ്ങളാണ് നടന്നിരുന്നത്. ഇന്റർനെറ്റിന്റെ താഴെപ്പറയുന്ന പേജിൽ മുഴുവൻ വിവരം കാണാം. http://ncrb.nic.in/cii-2007/CHAP5.pdf

## ചെയ്യേണ്ട കാര്യങ്ങൾ (DOS)

1. ഒരു സ്ത്രീയെ പരിശോധിക്കാൻ മറ്റൊരു സ്ത്രീയുടെ സഹായം ഉറപ്പു വരുത്തുക. പരിശോധനയ്ക്കു വിധേയ ആക്കുന്ന ആളുടെ സ്വകാര്യതയ്ക്കും അന്തസ്സിനും നിരക്കാത്ത ഒന്നും ചെയ്യരുത്. (Sec 51 (2) crpc)

2. സംശയത്തിനു വിധേയായ വ്യക്തി സ്ത്രീയാണെങ്കിൽ അവരെ സൂക്ഷിക്കാൻ സ്ത്രീകൾക്കു വേണ്ടി പ്രത്യേകം തടങ്കൽ മുറികൾ (Lock up) പോലീസ്

സ്റ്റേഷനുകളിൽ ഉള്ളതിൽ സൂക്ഷിക്കണം. സുപ്രീം കോടതിയുടെ തീരുമാനം ഷീലാ ബാർസ് Vs. മഹാരാഷ്ട്ര സംസ്ഥാനം വായിക്കുക.

3. ഒരു സ്തീ കുറ്റവാളിയെ അറസ്റ്റുചെയ്യുമ്പോൾ, പോലീസ് ഉദ്യോഗസ്ഥരിൽ ഒരാളെങ്കിലും വനിത ഉദ്യോഗസ്ഥ ആയിരിക്കുവാൻ ശ്രമിക്കുക Secion 51 (2) crl pc).

4. കുടുംബത്തിനകത്തെ അക്രമം (Domestic Violence) ഏതെങ്കിലും നിങ്ങളുടെ ശ്രദ്ധയിൽ പെട്ടാൽ അതിനെ പോലീസ് സ്റ്റേഷനിൽ (SHO) ഉടനെഅറിയിക്കുക.

5. കുറ്റത്തിന് ഇരയായവരെ സ്ത്രീയാണെങ്കിൽ സഹതാപത്തോടെ വീക്ഷിക്കുക പ്രത്യേകിച്ചും ബലാൽ സംഘം, ശാരീരിക അപമാനം (Rape and Molestation) തുടങ്ങിയവ. കുറ്റങ്ങൾക്ക് ഇര ആയവരെ അവരുടെ സ്വകാര്യത (Privacy) ക്ക് ശരിയായ പ്രാധാന്യം നൽകുക.

6. കുടുംബത്തിനകത്തെ ക്രൂരതയെപ്പറ്റി പരാതി കിട്ടുകയാണെങ്കിലോ അത്തരം ക്രൂരത നടക്കുന്നതു കാണുകയാണെങ്കിലോ ആ ഇരയെ അവർക്ക് Section 5, The Protection of Women from Domestic Violence Act 2005 പ്രകാരം സംരക്ഷണം (Protection Order) കിട്ടുവാനുള്ള അവകാശത്തെക്കുറിച്ച് അറിയിക്കുക.

Malyalam:Layout 1 03/11/11 1:43 PM Page 19

## (ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ) (Donts)

1. കേസ് സംബന്ധമായി സാക്ഷ്യം നൽകാൻ പറ്റും എന്നു കരുതുന്ന വ്യക്തി സ്ത്രീയാണെങ്കിൽ അവരെ ചോദ്യം ചെയ്യാൻ അവരുടെ താമസസ്ഥലത്തേയ്ക്കു തന്നെ പോകണം. പോലീസ് സ്റ്റേഷനിലേക്ക് വരുത്തരുത്. (Section 160 (1)crl pc)

2. ഒഴിത്തു കൂടാനാവാത്ത് സന്ദർഭത്തിലല്ലാതെ കുറ്റവാളി സ്ത്രീയാണെങ്കിൽ അവരെ സൂര്യ വെളിച്ചമുള്ളപ്പോൾ മാത്രമേ (അതായത് സൂര്യസ്തമനത്തിനുമുമ്പും സൂരോദയത്തിനു ശേഷവും)അറസ്റ്റു ചെയ്യാവൂ. (section 46 (4) crl pc).

❖❖❖

# അദ്ധ്യായം - 4
# കുട്ടികളുടെ സംരക്ഷണം

ഭാരതത്തിന്റെ സംവിധാനത്തിൽ കുട്ടികളുടെ അതിജീവനം (Survival), വികസനവും സംരക്ഷണവും സംബന്ധമായിട്ടുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നു. സംവിധാനത്തിന്റെ മൂന്നാം ഭാഗം, മൗലീക അവകാശങ്ങളെക്കുറിച്ചും, ഭാഗം 4 ൽ രാജ്യത്തിന്റെ ഭരണ സംബന്ധമായ വഴികാട്ടി തത്വങ്ങളെക്കുറിച്ചാണ് (Directive Principles of State Policy). അവയിൽ കുട്ടികളെക്കുറിച്ചും എഴുതിയിട്ടുണ്ട്.

അതിനുപുറമെ, 18 വയസ്സിൽ താഴെപ്രയമുള്ള കുട്ടികളുടെ ന്യായത്തിനും നന്മയ്ക്കു വേണ്ടിയുള്ള ഭാരതമെമ്പാടും ഒരേപോലെയുള്ള നിയമം (Unifrom legal fame work) അറിയാൻ ജുവനൽ ജസ്റ്റീസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട്, 2000 എന്ന നിയമം പഠിക്കുക.

### ചെയ്യേണ്ടത് (DOS)

1. കുട്ടികളെ സ്നേഹപൂർവ്വം (Politely) പരിഗണിക്കുക. അവരെ ചോദ്യം ചെയ്യുമ്പോൾ സിവൽ ഡ്രസ് അണിയാൻ ശ്രമിക്കുക. (Note: അതിന്റെ അർത്ഥം കുട്ടികളുടെ രക്ഷിതാക്കൾക്ക് പോലീസ് ഉദ്യോഗസ്ഥൻ തങ്ങളുടെ പരിപൂർണ്ണ അടയാളം Identity Card, Duty Slip തുടങ്ങിയവഉപയോഗിച്ച് കാണിച്ചതിൽ പിന്നയേ കുട്ടികളേ ചോദ്യം ചെയ്യാവൂ എന്നാണ് - വിവർത്തകൻ).

2. കുട്ടികളുടെ സ്വന്തം താമസസ്ഥലത്തുവെച്ചു മാത്രമേ അവരെ ചോദ്യം ചെയ്യാവൂ (Section 160, crl pc).

3. നിയമം ലംഘിച്ച ഒരു കുട്ടിയെ പോലീസ് പിടിച്ചാൽ section 10 ജുവനൽ ജസ്റ്റീസ് ആക്ട്, 2000 അനുസരിച്ച് കുട്ടികളുടെ സംരക്ഷണത്തിനു വേണ്ടിയുള്ള പോലീസ് സ്റ്റേഷനിലോ, കുട്ടികളെ നോക്കാനുള്ള പ്രത്യേക പോലീസ് അധികാരിയുടെയോ കസ്റ്റടിയിലേക്ക് വിടണം.

4. ഒരു കുറ്റവാളിയെ അറസ്റ്റു ചെയ്യുമ്പോൾ ആ വ്യക്തിക്ക് 18 വയസ്സിനെക്കാളും കുറവാണെന്നു സംശയമുണ്ടെങ്കിൽ അക്കാര്യം കണ്ടുപിടിച്ചതിൽ പിന്നെ മാത്രം മറ്റുള്ള നടപടികൾ തുടരുക.

5. സെക്ഷൻ 57 crl pc പ്രകാരം ഒരു കുട്ടിയെ അറസ്റ്റുചെയ്താൻ ഉടനെതന്നെ കുട്ടികളുടെ കോടതിയിൽ ഹാജരാക്കുക യാതൊരു കാരണവശാലും, 24 മണിക്കൂറിൽ കൂടുതൽ താമസിപ്പിക്കരുത്.

6. ഫാക്ടറികളിലും ഖനികളിലും മറ്റു അപകടം പിടിച്ച സ്ഥലങ്ങളിലും കുട്ടികളാൽ ജോലി ചെയ്യിക്കുന്നത് നിയമവിരുദ്ധമാണ്. (ആർട്ടിക്കിൾ 24, ഭാരതത്തിന്റെ സംവിധാനം) അത്തരം സംഭവങ്ങൾ കണ്ടുപിടിച്ച് ഉത്തരവാദപ്പെട്ട അധികാരികളെ അറിയിക്കുക (സെക്ഷൻ 3, ചൈൽഡ് ലേബർ പ്രൊഹിബിഷൻ ആന്റ് റെഗുലേഷൻ ആക്ട് 1986)

7. നിർബന്ധിത/അടിമ പണിക്കായി സൂക്ഷിച്ചിട്ടുള്ള കുട്ടിയെ വിടുതൽ ചെയ്യിക്കാനുള്ള നടപടികൾ ബോണ്ടട് ലേബർസി അബോളിഷൻ ആക്ട് 1976 പ്രകാരം സ്വീകരിക്കുക.

8. കുട്ടികളുടെ വിവാഹം, ഹിന്ദു വിവാഹ നിയമം 1955 പ്രകാരം നിയമ വിരുദ്ധമാണ് അതു തടയാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

**ചെയ്യാൻ കൂടാത്ത കാര്യങ്ങൾ (Donts)**

1. സാക്ഷി പെൺകുട്ടിയാണെങ്കിൽ അവളെ വീട്ടിൽ പോയി ചോദ്യം ചെയ്യണം പോലീസ് സ്റ്റേഷനിൽ വിളിക്കരുത്. (Sec 160, crl pc)

2. ആൺകുട്ടി 15 വയസ്സിൽ കുറവായത്, സാക്ഷിയാണെങ്കിൽ ചോദ്യം ചെയ്യാനായി പോലീസ് സ്റ്റേഷനിൽ വിളിക്കരുത്.

3. കുറ്റവാളിയുടെ വയസ്സ് 18 ൽ കുറവാണെങ്കിൽ (Juvenile) ആ വ്യക്തിയെ പോലീസ് ലോക്കപ്പിൽ സൂക്ഷിക്കരുത് (സെക്ഷൻ 18, ജുവനൽ ജസ്റ്റീസ് ആക്ട് 2000).

4. കുറ്റം ചെയ്ത വ്യക്തി, 7 വയസ്സിൽ താഴെ പ്രായമുള്ള കുട്ടിയാണെങ്കിൽ അതിനെഅറസ്റ്റു ചെയ്യരുത്, കാരണ സെക്ഷൻ 82, ഭാരതീയ ശിക്ഷാമിയമം പ്രകാരം ആ കുട്ടി ചെയ്തതൊന്നും കുറ്റമല്ല.

Malyalam:Layout 1 03/11/11 1:43 PM Page 23

5. അറസ്റ്റു ചെയ്യപ്പെട്ട കുട്ടിയുടെ വിവരങ്ങൾ വാർത്താ മാധ്യമങ്ങൾക്ക് (Media/Press) വെളിപ്പെടുത്തരുത്.

6. കോടതിയിൽ ചാർജ് ഷീറ്റ് ഫയൽ ചെയ്യുമ്പോൾ മുതിർന്ന കുറ്റവാളിക്കും, കുറ്റം ചെയ്ത കുട്ടികൾക്കും വേണ്ടി വേറേ വേറെ ചാർജ് ഷീറ്റുകൾ തയ്യാറാക്കുക.

❖❖❖

# അദ്ധ്യായം - 5
# പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ (SCകളുടെയും/STകളുടെയും)അവകാശ സംരക്ഷണത്തിൽ പോലീസിന്റെ കടമ.

2001 - ാം ആണ്ടിലെ ജനഗണന (census) പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗക്കാർ, ഭാരതത്തിലെ പൗരന്മാരുടെ 24% ൽ അധികം വരും. അതിൽ പട്ടികജാതി 16% ഉം പട്ടിക വർഗ്ഗം 8% ഉം ആണ്.

പട്ടികജാതി പട്ടിക വർഗ്ഗക്കാർത്തുനേരെ നടക്കുന്ന കുറ്റങ്ങളെ നിരുൽസാഹപ്പെടുത്താനും, കുറയ്ക്കാനുമായി പ്രത്യേകമായി ഉണ്ടാക്കിയ നിയമമാണ്. "ദഷെഡ്യൂൾഡ് കാസ്റ്റ്സ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് (പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ്) ആക്ട്, 1989".

### ചെയ്യേണ്ട കാര്യങ്ങൾ (DOS)

1. മറ്റ് ഉയർന്ന സമുദായക്കാരെയും പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകളെയും നിയമത്തിനുമുമ്പിൽ

തുല്യരായി കണക്കാക്കുക (ആർട്ടിക്കിൾ 14, ഭാരതത്തിന്റെ സംവിധാനം)

2. നിങ്ങളുടെ അധികാര പരിധിക്കുള്ളിൽ SC/ST Act, 1989 സംബന്ധമായ കുറ്റങ്ങൾ നടക്കുന്നതിനെക്കുറിച്ച് ജാഗ്രത (Vigilance) പാലിക്കുക. അത്തരം കുറ്റങ്ങൾ നടന്നാൽ, ഉത്തരവാദപ്പെട്ട പോലീസ് സ്റ്റേഷൻ ഇൻചാർജിനെഉടനെതന്നെ വിവരം അറിയ്ക്കുക.

3. നിങ്ങളുടെ അധികാര പരിധിക്കുള്ളിൽ താമസിക്കുകയോ, ജോലിചെയ്യുകയോ ചെയ്യുന്ന പട്ടികജാതി പട്ടിഗവർഗ്ഗ സമുദായ അംഗങ്ങൾക്ക് 1989 ൽ ഉണ്ടാക്കിയ നിയമപ്രകാരം അവർക്കു ലഭിച്ചിട്ടുള്ള അധികാരങ്ങളും രക്ഷകളും ബോധവൽക്കരിക്കുക.

**ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ (Donts)**

1. ഒരു വ്യക്തിയെയും, അയാളുടെ ജാതി വർഗ്ഗങ്ങളുടെ അടിസ്ഥാനത്തിൽ അവഗണിക്കരുത് (Do not Discriminate) ആർട്ടിക്കിൾ 15, ഭാരതത്തിന്റെ സംവിധാനം.

2. പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവരെ കുറ്റവാളികളായി കരുതി കസ്റ്റടിയിൽ എടുത്താൽ അവരെ അപമാനിക്കുന്ന രീതിയിൽ ഒന്നും കാണിക്കരുത് (ആർട്ടിക്കിൾ 21, ഭാരതത്തിന്റെ സംവിധാനം)

3. തൊട്ടുകൂടായ്മ പാലിക്കാനോ, പ്രചരിപ്പിക്കാനോ ആരെയും അനുവദിക്കരുത് (ആർട്ടിക്കിൾ 17, ഭാരതത്തിന്റെ സംവിധാനം)

❖❖❖

# അദ്ധ്യായം - 6
# മുതിർന്ന പൗരൻമാർ (Senior Citizen) അകാശ സംരക്ഷണം

വയസ്സുകൂടികൊണ്ടിരിക്കുക എന്നത് ഒരു പ്രകൃതി ദത്തമായ കാര്യമാണ്. മനുഷ്യ ജീവിതത്തിൽ ഇത് സ്വഭാവികമായും സംഭവിച്ചുകൊണ്ടിരിക്കും. അതോടുകൂടി ജീവിതത്തിലെ പ്രയാസങ്ങളും കൂടികൊണ്ടിരിക്കും പ്രത്യേകമായും മനുഷ്യ ശരീരഭാഗങ്ങളുടെ ജോലി ചെയ്യാനുള്ള കഴിവ് കുറയും. 60 വയസ്സിൽ കൂടുതൽ പ്രായമുള്ള വ്യക്തികളെ സീനിയർ സിറ്റസൺമാരായി 'ദ നാഷണൽ പോളിസി ഓഫ് ഓൾഡർ പേർസൺസ് ' നിർവചിച്ചിരിക്കുന്നു. എല്ലാ പൗരന്മാർക്കും പ്രത്യേകമായി പോലീസുകാർക്ക് സീനിയർ സിറ്റിസൺമാരുടെ തൽപര്യം സംരക്ഷണത്തിന്റെ കടമയുണ്ട്.

### ചെയ്യേണ്ട കാര്യങ്ങൾ (DOS)

1. എവിടെയാണോ മാതാപിതാക്കൾക്ക് സ്വന്തം കാര്യം നോക്കാൻ കഴിവില്ലാത്തത് സെക്ഷൻ 125, crl Pc പ്രകാരം കുട്ടികളാണ് അവരെ സംരക്ഷിക്കേണ്ടത് ഇതിൽ മാതാപിതാക്കൾ സീനിയർ സിറ്റിസനാണെങ്കിലും അല്ലെങ്കിലും ഒരേ കടമയാണ്.

2. പോലീസ് ഉദ്യോഗസ്ഥരുടെ അധികാര പരിധി/Beat നുള്ളിൽ വരുന്ന/താമസിക്കുന്ന സീനിയർ സിറ്റിസൺ മാരും ആയി തുടർച്ചയായി ഇടപഴകുക. അവർ കുറ്റവാളികളുടെ ഇരയാവാൻ എളുപ്പമാണ്. അതിനാലാണ് ഈ സമയം മുന്നോട്ടുപോയുള്ള പോലീസ് പൗരൻ വർത്തമാനം ആവശ്യപ്പെടുന്നത്.

3. സീനിയർ സിറ്റിസൺമാരെ ഒഴിച്ചു കൂടാനാവാത്ത വിധം അറസ്റ്റു ചെയ്യുകയാണെങ്കിൽ വളരെ അർഹതയുള്ള മര്യാദയോടെ പെരുമാറുക. അദ്ദേഹത്തെ / അവരെ എത്രയും പെട്ടെന്ന് വൈദ്യ പരിശോധനയ്ക്ക് വിധേയരാക്കുക.

4. പോലീസ് സ്റ്റേഷനിൽ വരുന്ന സീനീയർ സിറ്റിസൺമാരെ അർഹിക്കുന്ന ബഹുമാനത്തോടെ സ്വീകരിക്കുകയും അവരുടെ പ്രശ്നങ്ങൾക്ക് മുൻതൂക്കം കൊടുത്ത് പരിഹരിക്കുകയും ചെയ്യുക.

**ചെയ്യാൻ പാടില്ലാത്തവ (Donts)**

1. ഒഴിച്ചു കൂടാൻ പാടില്ലാത്തത് ആകുന്നതുവരെ സീനിയർ സിറ്റിസൺമാരെ അറസ്റ്റു ചെയ്യുകയോ, തടങ്കൽ സൂക്ഷിക്കുകയോ ചെയ്യരുത്.

2. നിയമ ലംഘനത്തിന് പിടിക്കപ്പെട്ട സീനിയർ സിറ്റിസൺമാരോട് പരുക്കനായോ, അലക്ഷ്യമായോ (roughly or Harsh) പെരുമാറരുത്.

# അദ്ധ്യായം - 7
# അല്പ സംഖ്യർ (മൈനോറിറ്റി)സമുദായത്തിലെ ആളുകളുടെ അവകാശ സംരക്ഷണം

ഈ അദ്ധ്യായം മതവിശ്വാസം മൂലമുള്ള അൽപ്പ സംഖ്യന്മാരായ പൗരന്മാരെ കുറിച്ച് മാത്രമാണ്. ഭാരതത്തിന്റെ സംവിധാനത്തിൽ, അൽപ്പ സംഖ്യരെക്കുറിച്ച് ഉള്ള കാര്യങ്ങൾ ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും അടിസ്ഥാനമാക്കിയാണ്. മതം കാരണമുള്ള അവഗണന (discrimination) ഭാരതത്തിന്റെ സംവിധാനത്തിൽ ആർട്ടിക്കിൾസ് 14, 15, 16 പ്രകാരം തടഞ്ഞിരിക്കുകയാണ്. അൽപ്പ സംഖ്യരുടെ പ്രത്യേക അവകാശങ്ങൾ അവരുടെ സംസ്കാരപരമായും, വിദ്യാഭ്യാസപരമായും അറിയാൻ ഭാരതത്തിന്റെ സംവിധാനത്തിന്റെ ആർട്ടിക്കിൾസ് 29, 30 വായിക്കുക.

ഭാരതത്തിന്റെ സംവിധാനത്തിൽ ആർട്ടിക്കിൾ 15 പ്രകാരം

വ്യക്തികളെ മതത്തിന്റെയോ, ജനനത്തിന്റെയോ, ജാതിയുടെയോ, ആൺ/പെൺ വകഭേദത്താടേ ജനിച്ച , സ്ഥലത്തിന്റെ പേരിലോ തരം തിരിവ് നടത്തരുത്.

### ചെയ്യേണ്ട കാര്യങ്ങൾ (DOS)

1. മത സംബന്ധമായ അല്പ സംഖ്യരുടെ കാര്യങ്ങൾ അർഹിക്കുന്ന മുന്നറിയിപ്പോടെയും സ്വന്തം അറിവോടെയും (due caution and sensitive) കൈകാര്യം ചെയ്യുക.

2. പൂജ/പ്രാർത്ഥനസ്ഥലങ്ങളിൽ നിങ്ങളുടെ അധികാര പരിധിക്കുള്ളിൽ വരുന്ന സ്ഥലത്തിൽ ഇടയ്ക്കിടെ പോകുക. മത സ്പർദ്ധ ഉണ്ടാക്കാൻ ആഗ്രഹിക്കുന്ന കുറ്റവാളികളുടെ (Mischeif Mongers) മേൽ പ്രത്യേക ശ്രദ്ധ ചെലുത്തുക.

3. വിശേഷ ആഘോഷ ദിവസങ്ങളിൽ പ്രത്യേകം ശ്രദ്ധ (Extra Vigilant) ചെലുത്തുക മതപരമായി നിയമലംഘനം നടക്കാവുന്ന (community sensitive)സ്ഥലങ്ങളിൽ കരുതൽ (Preventive) നടപടികൾ എടുക്കുക.

4. മതപരമായ അൽപ സംഖ്യരുടെ വീടുകളിലോ,ആരാധനസ്ഥലങ്ങളിലോ മറ്റു സ്ഥാപനങ്ങളിലോ, ചെല്ലുമ്പോൾ അവരുടെ തീവ്ര മനോ ധർമ്മ (Sentements) ത്തിലും മതപരമായ ചടങ്ങുകളിലും അർഹിക്കുന്ന ബഹുമാനം കാണിക്കുക.

5. മതപരമായ അൽപ സംഖ്യരിലെ പ്രധാന്യവും സ്വാധീനവും ഉള്ള വ്യക്തികളുമായി തുടർച്ചയായ സമ്പർക്കത്തിൽ തുടരുക. കുഴപ്പമുണ്ടാക്കുന്ന സന്ദർഭങ്ങളിൽ (conflict situations) അവരുടെ സഹായം ഉടൻ ലഭ്യമാകും.

6. നിങ്ങളുടെ അധികാര പരിധിയിലുള്ളവരുടെ ആർട്ടിക്കിൾ 25 (1), ഭാരതത്തിന്റെ സംവിധാനം പ്രമാണിച്ചുള്ള പൗരാവകാശവും സ്വതന്ത്രവും ഉറപ്പുവരുത്തുകയും, ഏതുമതവും വിശ്വസിക്കാനും പ്രചരിപ്പുക്കാനുമുള്ള സ്വതന്ത്ര്യം ഉറപ്പുവരുത്തുക.

**ഭാരതത്തിന്റെ സംവിധാനം ആർട്ടിക്കിൾ 25:**

എല്ലാ വ്യക്തികൾക്കും തുല്യമായ രീതിയിൽ മനസാക്ഷി ഉണ്ടാകാൻ അവകാശമുണ്ട്. മതവിശ്വാസത്തെക്കുറിച്ച് പഠിപ്പിക്കാനോ, പാലിക്കാനോ പ്രചരിപ്പിക്കാനോ ഉള്ള അവകാശമുണ്ട് എങ്കിലും ഇക്കാര്യത്തിലുള്ള അവകാശം താഴെപ്പറയുന്ന കാര്യങ്ങളെ അനുസരിച്ചാണ് ലഭിക്കുക. പൊതു ജനങ്ങളുടെ ഇഷ്ടം സദാചാരം, ആരോഗ്യം, ഭാരതത്തിന്റെ സംവിധാനത്തിന്റെ ഈ ഭാഗത്തിൽ എഴുതിയിട്ടുള്ള മറ്റു കാര്യങ്ങൾ.

7. എല്ലാ മതക്കാരുടെയും പ്രധാനപ്പെട്ട വ്യക്തികളുടെയും (സന്യാസിമാർ, പൂജാരിമാർ, മൗലവി തുടങ്ങിയവർ) സമീപത്ത് മര്യദയോടെ പെരുമാറുക.

**ചെയ്യാൻ പാടില്ലാത്തവ (Donts)**

1. ഏതു മതവിശ്വാസികളുടെ കാര്യം നോക്കുമ്പോഴും പരാതികൾ പരിഗണിക്കുമ്പോഴും യാതൊരു തരത്തിലുള്ള മുൻവിധിയോ , പക്ഷപാതമോ കാണിക്കരുത്.

2. പൗരൻമാരെ അവരുടെ മതവിശ്വാസം അതിസ്ഥാനമാക്കി അവഗണിക്കരുത് (discriminates) ഭാരതത്തിന്റെ സംവിധാനം, ആർട്ടിക്കിൾ 15(1),(2) വായിക്കുക.

3. മതവിശ്വാസം അപമാനിക്കപ്പെട്ടതോ, മുറിവേൽപ്പിക്കപ്പെട്ടതോ, സംബന്ധമായ ഏതൊരു അറിവോ പരാതിയോ (Information/complaint) ലഭ്യമായാൽ മേൽനടപടിക്ക് ഒരിക്കലും താമസം കാണിക്കരുത്.

❖❖❖

## അദ്ധ്യായം - 8

# (അടിമപ്പണി/നിർബന്ധിത വേല (ബോൺഡഡ് ലേബർ) തടയുന്നതിൽ പോലിസിന്റെ കടമ.

ഭാരതത്തിന്റെ സംവിധാനത്തിന്റെ 23 ാം ആർട്ടിക്കിൾ, ഭിക്ഷാടനത്തെയും അതേ രീതിയിലുള്ള മറ്റു ബലം ഉപയോഗിച്ചുള്ള ജോലിയെയും തടയുന്നു.

നിർബന്ധിത/അടിമപ്പണിക്കാരെക്കുറിച്ചുള്ള നിയമമാണ് ദ ബോണ്ടഡ് ലേബർ സിസ്റ്റം അബോളിഷൻ ആക്ട് 1976 ഈ നിയമ പ്രകാരം, ബോണ്ടഡ് ലേബർമാരെ കണ്ടുപിടിക്കുകയും, വിമോചിപ്പിക്കുകയും പുനരധിവസ്സിപ്പിക്കുകയും ചെയ്യുക. സംസ്ഥാനസർക്കാരുകളുടെ നേരിട്ടുള്ള ഉത്തരവാദിത്വമാണ്.

### ചെയ്യേണ്ട കാര്യങ്ങൾ (DOS)

1. നിങ്ങളുടെ അധികാര പരിധിക്കുള്ളിൽ സംഭവിക്കുന്ന ഫോർസ്ഡ്/ബോൺഡഡ് ജോലി സംബന്ധമായ കാര്യങ്ങൾ സംഭവിക്കുന്നത് ഉണർവോടെ കണ്ടുപിടിക്കുക ഉടനെതന്നെ നിങ്ങളുടെ ഉന്നതാധികാരികളെ അറിയിക്കുക.

2. ജില്ലാ അധികാരികളെ, ബോണ്ടഡ് ലേബറായി ജോലിചെയ്യുന്ന വ്യക്തികളെ രക്ഷിക്കാൻ സഹായിക്കുക.

3. ഈ 1976 ആക്റ്റിനുപുറമെ വേറെയും പല നിയമങ്ങൾ ഉപയോഗിച്ച് ദുർബല സമുദായക്കാർക്ക് നീതി ന്യായം നിർവഹിക്കാം. ഉദാഹരണത്തിന് കുട്ടികൾ സ്ത്രീകൾ. മതപരമായ അൽപസംഖ്യർ (Minorities) പട്ടികജാതി/പട്ടിഗവർഗ്ഗക്കാർ തുടങ്ങിയവരാണ് ഇരകൾ.

**ചെയ്യാൻ കൂടാത്ത കാര്യങ്ങൾ (Donts)**

1. ബഹുമാനപ്പെട്ട എക്സിക്യൂട്ടീവ് മജിസ്ട്രേട്ട് കോടതി മുഖാന്തിരം ശരിയായ അന്വേഷത്തിനുമുമ്പ്, 1976 നിയമപ്രകാരം ആരോപണ വിധേയരായ തൊഴിൽശാല ഉടമളെ (Employers) കസ്റ്റഡിയിൽ നിന്നും പോലീസ് ജാമ്യത്തിൽ വിമോചിപ്പിക്കരുത്.

2. സാമ്പത്തികമായ കാര്യങ്ങൾ പരിഹരിക്കാൻ പോലീസ് ഉദ്യോഗസ്ഥർ സ്വയം ഇടപെടരുത്.

3. അന്വേഷണത്തിനിടയ്ക്ക് നിർബന്ധിത ജോലി ഉണ്ടെന്നോ, കണ്ടില്ലെന്നോ തീരുമാനം വരുന്ന രീതിയിൽ അഭിപ്രായമൊന്നും പുറപ്പെടുവിക്കരുത്.

4. പരാതിക്കാരായ തൊഴിലാളികളുടെ മുമ്പിൽ കടുപ്പമായി (arroganty) പെരുമാറരുത്.

❖❖❖

# അദ്ധ്യായം - 9
# പോലീസ് അറസ്റ്റിനിടെ കുറ്റവാളികളുടെ മരണം (എൻ കൗണ്ടർ)

പോലീസ് ഓപ്പറേഷനുകൾക്കിടയിൽ എൻ കൗണ്ടർ എന്നതിന്റെ അർത്ഥം കുറ്റവാളികൾ ആയുധ ധാരിയാണെങ്കിൽ ചിലപ്പോൾ പോലീസുകാർക്ക് ആ കുറ്റവാളികളെ മരണം സംഭവിക്കാവുന്ന രീതിയിൽ തോക്കുപയോഗിച്ച് ആക്രമിക്കേണ്ടി വന്നേക്കാം ആ ആക്രമണം പോലീസുകാരുടെ ആത്മരക്ഷയ്ക്കു വേണ്ടി ഉള്ളതാണ്.

### ചെയ്യേണ്ട കാര്യങ്ങൾ (DOS)

1. പോലീസ് ഉദ്യോഗസ്ഥർക്ക്, ആയുധധാരികളായ കുറ്റവാളികളെ നേരിടേണ്ടി വന്നാൽ ആദ്യം അവരെ വെല്ലുവിളിക്കുക (challenge) അവരോടു കീഴടങ്ങാൻ ആവശ്യപ്പെടുക.

2. സെക്ഷൻ 97, IPC പ്രകാരം സ്വരക്ഷയ്ക്കുവേണ്ടി മാത്രം ബലം ഉപയോഗിക്കുക. സ്വന്തം രക്ഷയും പോലീസ് ടീമിലെ മറ്റുള്ളവരുടെ രക്ഷയും ലക്ഷ്യമാകാം. പോലീസുകാരെ ആക്രമിക്കുന്ന കുറ്റവാളികൾക്കു നേരെ മാത്രമെ ഈ വെടിവെപ്പ് നടക്കാവൂ, എന്നു മാത്രമല്ല കുറ്റവാളികളുടെ ആക്രമണത്തിൽ നിന്നും

തനിക്കോ തന്റെ ടീം അംഗങ്ങൾക്കോ, മരണമോ കഠിനമായ മുറിവോ സംഭവിക്കുമെന്നോ, സാമാന്യ ബുദ്ധിക്കുനിരക്കാവുന്ന ഭീതി ഉൽപന്നമായതിൽ പിന്നയെ കുറ്റവാളിക്കു മരണം സംഭവിക്കാവുന്ന രീതിയിൽ വെടിവയ്ക്കാൻ കാരണം ആകുന്നുള്ളു.

3. സെക്ഷൻ 102 IPC പ്രകാരം ആത്മ രക്ഷയ്ക്കു വേണ്ടി മരണം നടത്താനുള്ള അധികാരം സാധാരണ ബുദ്ധിക്കു നിരക്കുന്ന രീതിയിൽ അപകടം ഉണ്ടെന്നും ആ അപകടത്തിലൂടെ ശരീരത്തിന് ഹാനി സംഭവിക്കാമെന്നും അല്ലെങ്കിൽ അപകടം സംഭവിക്കാവുന്ന രീതിയിൽ ഭീക്ഷണി ഉണ്ടെന്നും വന്നതിൽ പിന്നെ മാത്രമാണ്. എപ്പോൾ ആ സാധ്യത (Apprehension) അവസാനിക്കുന്നോ. അതോടെ പോലീസുകരുടെ എൻകൗണ്ടറിലൂടെ വെടിവെച്ചു കൊല്ലാനുള്ള അധികാരവും അവസാനിക്കുന്നു.

4. പോലീസുകാരെ ആക്രമിക്കുന്ന ക്രിമിനലുകൾക്കു നേരെ ആത്മ രക്ഷയുക്കുവേണ്ടി പോലീസിന്റെ തിരിച്ചാക്രമണത്തിലൂടെ ക്രിമിനലുകളുടെ മരണം സംഭവിക്കാനുള്ള അധികാരം തനിക്കോ തന്റെ ടീമിലുള്ളവർക്കോ, പ്രസ്തുത ക്രിമിനലുകളുടെ ആക്രമണം മൂലം, മരണമോ കഠിനമായ മുറിവോ സംഭവിക്കാം എന്നത് ഭീതി ഉള്ള സമയം വരെ മാത്രമാണ് (സെക്ഷൻ 100, IPC)

## ചെയ്യാൻ കൂടാത്ത കാര്യങ്ങൾ ( Donts)

1. ക്രിമിനലുകളെയും, കുറ്റവാളികളെയും കണ്ട ഉടനെതന്നെ അവർ ആയുധ ധാരികളാണെങ്കിൽ തന്നെയും, വെടിവയ്ക്കാൻ തുടങ്ങരുത്.

2. പോലീസ് ഉദ്യോഗസ്ഥർ അത്യധികമായ ശക്തി/ബലപ്രയോഗം നടത്തരുത്. പോലീസ് പാർട്ടിക്കു നേരെ ക്രിമിനലുകളും കുറ്റവാളികളും നടത്തുന്ന ആക്രമണത്തിന് തുല്യമായ ബലപ്രയോഗം മാത്രമേ പോലീസ് ഉദ്യോഗസ്ഥരും നടത്താവൂ .

3. തന്റെയും തന്റ പോലീസ് പാർട്ടിയിൽ ഉള്ളവരുടെയും ശരീര രക്ഷയക്കുവേണ്ടതിനെക്കാളും കൂടുതൽ ശക്തിയിൽ തങ്ങളെ ആക്രമിക്കുന്ന ക്രിമിനലുകൾക്കും നേരെ പ്രത്യാക്രമണം നടത്തരുത്. (സെക്ഷൻ 99, IPC)

❖❖❖

# അദ്ധ്യായം - 10
# തീവ്രവാദികളും പോലീസും

തീവ്രവാദം എന്നത് ഒരു കഠിനമായ നിയമ സമാധാനപാലനം (Law and Order) പ്രശ്നമാണ്. പ്രകോപിക്കുന്ന സാഹചര്യങ്ങളിലും, പോലീസുകാരിൽ നിന്നും മനനില വിട്ടുപോകാത്ത ഒരു പെരുമാറ്റമാണ് ഇവിടെ ആവശ്യപ്പെട്ടിരിക്കുന്നത്. തീവ്രവാദത്തെ നേരിടുന്നതിന് താഴെ പറയുന്ന തരം പോലീസ് പ്രവർത്തനം ആവശ്യമാണ്. (Police Operations) തീവ്രവാദ സംഭവങ്ങളുടെ സത്യാവസ്ഥ അറിയാൻ പോലീസ് അന്വേഷണം ഒരു സ്ഥലത്തെ ചുറ്റിവളയലും, തിരയലും (cordon and search operation) തീവ്രവാദികളെ അറസ്റ്റു ചെയ്യുന്നതിനുവേണ്ടി.റോഡ് തുറന്ന് വിടാനുള്ള ഉത്തരവാദിത്വം (ROP റോഡ് ഓപ്പണിംഗ് പാർട്ടി ഡ്യൂട്ടീസ്) റോഡിൽ നടത്തുന്ന സാധാരണ ചെക്കിംഗ് പോയിന്റ് ഡ്യൂട്ടികൾ വഴിക്കുള്ള പരിശോധനകൾ. ഇങ്ങനെ വേറെയും കുറെ കടമകൾ പോലീസുകാർക്കുണ്ട്.

### ചെയ്യേണ്ട കാര്യങ്ങൾ (DOS)

1. ഒരോ സ്ഥലത്തെയും സാധാരണ സ്ഥിര താമസക്കാ (Locals) രുമായി നല്ല സൗഹൃദബന്ധം പുലർത്തുക

അതുവഴി താഴെപറയുന്ന പ്രയോജനങ്ങളുണ്ടാകും. തീവ്രവാദികളെയും അവരുടെ പ്രവർത്തനങ്ങളെയും പറ്റി അറിവു ലഭിക്കും. പോലീസ് നടപടികൾ മൂലം തീവ്രവാദം ബാധിച്ച സ്ഥലങ്ങളിൽ സ്ഫോടനവസ്ഥരൂപം കൊള്ളാം. സ്ഥിര താമസക്കാരുമായുള്ള നല്ല ബന്ധത്തിലൂടെ മാത്രമേ ആ സ്ഫോടനാത്മകമായ അവസ്ഥ ശാന്തമാക്കാൻ കഴിയൂ.

2. തീവ്രവാദത്തെക്കുറിച്ച് സംശയിക്കപ്പെടുന്ന വീട് പരിശോധിക്കുന്ന പോലീസ് പാർട്ടിയിൽ ആ സ്ഥലത്തെ സ്ഥിരവാസികളെയും കൂട്ടണം ആ സിവിലിയൻമാരുടെ രക്ഷയും ഉറപ്പാക്കണം (തടസ്ഥന്മാർ ).

3. പൊതു സ്ഥലങ്ങളിൽ ജനങ്ങളുടെ ശരീര പരിശോധനനടത്തുമ്പോൾ, സിവിലയൻമാരോട് മര്യാദയോടെ പെരുമാറണം. പൊതു ജനങ്ങളിലെ സ്ത്രീകളെ വനിതാ പോലീസ് ഉദ്യോഗസ്ഥന്മാരാൽ മാത്രേ ദേഹപരിശോധനനടത്താവൂ. അന്തസ്സിന് നിരക്കാവുന്ന രീതിയിൽ മാത്രമേ ഈ പരിശോധനനടത്താവൂ.

4.സ്ത്രീകളെ വനിതാ പോലീസുകാരാൽ മാത്രം പരിശോധിപ്പിക്കുക, ഡീസന്റായി മാത്രം.

5. അന്വേഷണത്തിനിടയ്ക്കും വഴിതടഞ്ഞുള്ള പരിശോധനയിലും വളരെ ബഹുമാനത്തോടെ സ്ത്രീകളെ പരിഗണിക്കുക.

6. മുതിർന്നവരെയും കുട്ടികളെയും കാരുണ്യത്തോടെ പരിഗണിക്കുക.

7. അറസ്റ്റു ചെയ്യപ്പെട്ട തീവ്രവാദികളുടെ അധികാരങ്ങളെ, മറ്റു സാധാരണ നിയമ ലംഘകനെയോ, കുറ്റവാളിയെയോ പോലെ നടപ്പിലാക്കുക/അനുവധിക്കുക.

8. ആയുധധാരികളായ തീവ്രവാദികളുമായി നേരിടേണ്ടി വന്നാൽ ആദ്യം അവരെ വെല്ലുവിളിക്കുകയും, കീഴടങ്ങാൻ ആവശ്യപ്പെടുകയും ചെയ്യുക. അവരിൽ നിന്നും സാമാന്യ ബുദ്ധിക്കു നിരക്കുന്ന രീതിയിൽ നിങ്ങൾക്കോ പോലീസ് പാർട്ടിയിലെ മറ്റുള്ളവർക്കോ മരണമോ, കഠിനമായ മുറിവോ സംഭവിക്കുമെന്ന് ഭീതി മാത്രമേ, ആത്മ രക്ഷയ്ക്കു വേണ്ടി നിങ്ങൾ ആക്രമണം തുടങ്ങാവൂ.

9. തീവ്രവാദികളുമായുള്ള ആക്രമണ പ്രത്യാക്രമണങ്ങൾക്ക് ഇടയിൽ സാധാരണ ജനങ്ങൾക്കും അവരുടെ വസ്തുവകകൾക്കും വന്നേക്കാവുന്ന നാശനഷ്ടങ്ങൾ, പോലീസ് ഇടപെടലിനിടയിൽ പരമാവധി കുറയ്ക്കാൻ ശ്രമിക്കുക.

## ചെയ്യാൻ കൂടാത്ത കാര്യങ്ങൾ

1. മറ ആയി സിവിലിയൻ (സാധാരണ ജനങ്ങളെ ) മാരെ ഉപയോഗിച്ച് തീവ്രവാദികളെ ആക്രമിക്കുകയോ (encounter) തപ്പലുകളോ (Search Operation) നടത്തരുത്.

2. പിടിയിൽ അകപ്പെട്ട അറസ്റ്റു ചെയ്യപ്പെട്ട തീവ്രവാദിക്കു മുകളിൽ ശാരീരികമോ, മാനസികമോ ആയ പീഡനം ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കാൻ ശ്രമിക്കരുത്.

3. തീവ്രവാദികളെയോ തീവ്രവാദികളെന്ന് സംശയിക്കപ്പെടുന്നവരെയോ അറസ്റ്റുചെയ്താൻ ഉടനെരേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കണം അതല്ലാതെ നിയമവിരുദ്ധമായ രീതിയിൽ (illegal Confirment) തടങ്കലിൽ പാർപ്പിക്കരുത്.

4.തീവ്രവാദ പ്രവർത്തനം സംഭവിച്ചതിനു ശേഷം അമിതമായി പെരുമാറരുത്.

5. സംഭവസ്ഥലത്തിനുചുറ്റും കഴിയുന്ന സിവിലിയൻമാരെ അനാവശ്യമായി ഉപദ്രവിക്കരുത്.

6. റോഡ് ഓപ്പണിംഗ് ഡ്യൂട്ടി ചെയ്യുമ്പോഴോ അന്വേഷണം നടത്തുമ്പോഴോ, സ്ഥലത്തെ സാധാരണ പൗരൻമാരിൽ നിന്നും ആഹാരമോ മറ്റ് സൗകര്യങ്ങളോ ആവശ്യപ്പെടരുത്.

വിവർത്തകൻ

**ജി. രാമനാഥൻ**

അഡ്വക്കേറ്റ് (ഡൽഹി 1282/2000)

❖❖❖

Malyalam:Layout 1 03/11/11 1:43 PM Page 42

सर्वे भवन्तु सुखिनः

**ദേശീയ മനുഷ്യാവകാശ കമ്മീഷൻ**
**ഫരീദ്കോട്ട് ഹൗസ് കോപ്പർ നിക്കസ് മാർഗ്**
**ന്യൂ ഡൽഹി 110001**
Tel.: 011-23385368 Fax: 011-23384863
E-mail: covdnhrc@nic.in Website: www.nhrc.nic.in